**കവർസ്റ്റോറി**




**ദോഹയിൽ ചേർന്ന അറബ്-ദക്ഷിണ അമേരിക്കൻ ഉച്ചകോടി**

# അതിജീവനത്തിന്റെ ഗസ്സാ പാഠങ്ങളും അറബ് നിഴൽകൂത്തും

**എം.സി.എ നാസർ**

**ഇരുപത്തിരണ്ടുനാൾ** നീണ്ട കുരുതിക്കു ശേഷം ഗസ്സയുടെ മണ്ണിൽ താൽക്കാലിക ശാന്തി നിലവിൽ വന്നിട്ട് നാലു മാസം പിന്നിടുന്നു. ആറു പതിറ്റാണ്ടായി ജൂതരാഷ്ട്രം ഫലസ്ത്വീൻ സമൂഹത്തിനുമേൽ നടത്തുന്ന കടന്നാക്രമണ പരമ്പരയിലെ ഏറ്റവും അവസാനത്തേതായിരുന്നു ഡിസംബറിൽ നടന്നത്. കൊല്ലപ്പെട്ടത് 1300 ഓളം ഫലസ്ത്വീനികൾ.  ഇവരിൽ 300 പേരും കുട്ടികൾ. 150 പേർ സ്ത്രീകൾ. ഉന്മൂലനവും നശീകരണവും കൃത്യമായി ലക്ഷ്യമിട്ട സൈനിക നടപടിക്കാണ് ഡിസംബർ 19-ന്റെ വെടിനിർത്തലോടെ അറുതിയായത്.

യു.എൻ സ്കൂളിൽ അഭയം തേടിയ സിവിലിയൻ സമൂഹത്തെ പോലും സൈന്യം വെറുതെ വിട്ടില്ല. ഗസ്സയിലെ പള്ളികൾ, ആശുപത്രികൾ, ഫാക്ടറികൾ, സ്കൂളുകൾ, ജലശുദ്ധീകരണ പ്ലാന്റുകൾ, പാർലമെന്റ് കെട്ടിടം, മന്ത്രാലയങ്ങൾ, ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ, എണ്ണമറ്റ ഭവനങ്ങൾ എന്നിവ സൈന്യം നിലംപരിശാക്കി. എല്ലാം വ്യോമശക്തിയുടെ ബലത്തിൽ. ഇസ്രയേലിന്റെ വിവേചനരഹിതമായ സൈനിക നടപടിയും നിയമവിരുദ്ധ രാസായുധ പ്രയോഗവും ലോകം കണ്ടുനി

**തങ്ങളുടെ ദുർഗതിക്കു കാരണം ഹമാസാണെന്ന് ഗസ്സ നിവാസികൾക്ക് ബോധ്യപ്പെടുമ്പോൾ അവർ സ്വാഭാവികമായും ഫതഹിനെ വരിക്കുമെന്നായിരുന്നു മഹ്മൂദ് അബ്ബാസ് മുതൽ ഒബാമ വരെ പ്രതീക്ഷിച്ചത്. എന്നാൽ ഫലസ്ത്വീൻ മനസ്സിൽ നിന്ന് ഒറ്റുകാർ കൂടുതൽ അകറ്റപ്പെടുകയായിരുന്നു.**

ന്നു. 'ഹമാസുമായി ബന്ധപ്പെട്ട എല്ലാം നിയമാനുസൃത ലക്ഷ്യങ്ങൾ തന്നെ'-ഇതായിരുന്നു ഇസ്രയേലിന്റെ സൈനിക വക്താവ് മേജർ അവിതാൽ ലീബോവിച്ചിന്റെ ധാർഷ്ട്യം കലർന്ന പ്രഖ്യാപനം.

പതിവു പോലെ വൻശക്തി രാഷ്ട്രങ്ങളും ഐക്യരാഷ്ട്ര സംഘടനയും രംഗത്തുനിന്ന് ഉൾവലിഞ്ഞു. അധിനിവിഷ്ട പ്രദേശത്തെ ഫലസ്ത്വീൻ സമൂഹത്തെ നിയമപരമായി സംരക്ഷിക്കാൻ ബാധ്യതയുള്ള ഒരു രാജ്യം എല്ലാ വ്യവസ്ഥകളും മറികടന്ന് ക്രൂരതയുടെ വിളയാട്ടം തുടർന്നു. ഒരു ജനതക്കുമേൽ കൂട്ടപ്പിഴ ചുമത്തുന്ന നടപടി നാലാമത് ജനീവാ കൺവെൻഷൻ 33 വകുപ്പു പ്രകാരം തീർത്തും നിയമവിരുദ്ധമാണെന്ന് ബാൻ കി മൂണും കൂട്ടരും അറിയാത്തതല്ല പ്രശ്നം. ലോകത്തെ 'തുറന്ന ജയിൽ' എന്നു വിശേഷിപ്പിക്കുന്ന 15 ലക്ഷം മനുഷ്യർ തിങ്ങിത്താമസിക്കുന്ന ഗസ്സയെന്ന ചേരിപ്രദേശം അഗ്നിനാളങ്ങൾ വലയം ചെയ്തപ്പോൾ *അൽജസീറ* മാത്രമായിരുന്നു പോരാളികൾക്കൊപ്പം കണ്ണുകൾ തുറന്നുവെച്ചത്. മറ്റൊരു മാധ്യമവും ഗസ്സയുടെ അടുത്തു പോലും പോകരുതെന്ന നിർബന്ധബുദ്ധി ഇസ്രയേൽ കർശനമായി നടപ്പാക്കുകയും ചെയ്തു. 'ഹമാസ് പോരാളികളെ അമർച്ച ചെയ്യാനും അവരുടെ സൈനിക സംവിധാനങ്ങളുടെ മുനയൊടിക്കാനും' എന്നതായിരുന്നു ഇസ്രയേൽ പറഞ്ഞ ആക്രമണ ലക്ഷ്യം. അതിനു വേണ്ടി രാവും പകലുമില്ലാതെ നിഷ്ഠുരത തുടർന്നു. അതിലൂടെ തങ്ങളുടെ ലക്ഷ്യം ജൂതരാജ്യം നേടിയോ? - ഇതാണ് ഉയരേണ്ട പ്രധാന ചോദ്യം. 2006-ൽ ലബനാനിലേക്ക് പട നയിക്കുമ്പോൾ പ്രഖ്യാപിച്ച ലക്ഷ്യവും ഇതുതന്നെയായിരുന്നു. അന്ന് ഹിസ്ബുല്ലയായിരുന്നു പ്രതി. ലബനാനിൽ എന്ന പോലെ ഡിസംബർ ഇരുപതിന് ആക്രമണ മുഖത്തുനിന്ന് പിൻവാങ്ങിയ ഇസ്രയേൽ സൈന്യത്തെ പിന്തുടർന്നത് നിരാശയായിരുന്നു. രണ്ടിടങ്ങളിലും കരയുദ്ധം നീളാതിരിക്കാൻ ജൂതസൈന്യം പ്രത്യേക കരുതലെടുത്തതും ശ്രദ്ധേയം. അടിസ്ഥാന സൗകര്യങ്ങളുടെ തകർച്ചയും കൂട്ടക്കുരുതിയും നടത്തി ഇരകളുടെ ആത്മവീര്യം തകർക്കുകയായിരുന്നു പ്രാഥമിക ഉന്നം. അതിലപ്പുറം പോകാനായില്ല. ഇരകളുടെ ഭാഗത്തുനിന്നുള്ള ശക്തമായ ചെറുത്തുനിൽപ്പു തന്നെയായിരുന്നു ഈ തടയിടലിനു കാരണം. രണ്ടിടങ്ങളിലും ജൂത സൈനിക നേതൃത്വം ഇതു പറയാതെ പറയുന്നുണ്ട്.

ഫലസ്ത്വീൻ പ്രശ്നത്തിൽ ജനാഭിലാഷമല്ല, തങ്ങളുടെ സങ്കുചിത താൽപര്യങ്ങൾ തന്നെയാണ് പ്രധാനമെന്നാണ് ഒബാമ മുതൽ ഹുസ്നി മുബാറക് വരെ പങ്കിടുന്ന വികാരം. വെസ്റ്റ് ബാങ്കിൽ ഫലസ്ത്വീൻ അതോറിറ്റി പ്രതിനിധി മാത്രമായ മഹ്മൂദ് അബ്ബാസുമായല്ലാതെ ഒരു ചർച്ചയും പാടില്ലെന്നും അദ്ദേഹം മുഖേനയല്ലാതെ സഹായധന വിതരണം അനുവദിക്കില്ലെന്നും ഇവർ ഒരേ സ്വരം കടംകൊള്ളുന്നു. ലക്ഷ്യം വ്യക്തം. ഹമാസിനെ ഒറ്റപ്പെടുത്തി ഫലസ്ത്വീൻ സമൂഹത്തെ ഫതഹിന്റെ നിർഗുണ പക്ഷത്തേക്ക് കൊണ്ടുവരിക. ഗസ്സ കുരുതി ലക്ഷ്യമിട്ടതും അതുതന്നെ. ഹമാസിന്റെ അന്ത്യം ആഗ്രഹിച്ച ഫതഹ് വിഭാഗം മാത്രമല്ല പടിഞ്ഞാറൻ രാജ്യങ്ങളും അറബ് രാജഭരണകൂടങ്ങളും ഇവിടെ വല്ലാതെ ഐക്യപ്പെടുന്നതാണ് കണ്ടത്. ഗസ്സ കത്തിയെരിയുമ്പോൾ ഒന്ന് കൂടിയിരുന്ന് കരയുകയെങ്കിലും ചെയ്യണമെന്ന നിർദേശം ഉയർന്നിരുന്നു. എന്നാൽ അതിനുള്ള നീക്കത്തെ അട്ടിമറിക്കുകയായിരുന്നു പ്രമുഖ അറബ് രാജ്യങ്ങൾ. ഇവരൊക്കെ ആരുടെ താൽപര്യമാണ് സംരക്ഷിക്കുന്നതെന്നത് പകൽ പോലെ വ്യക്തം. ആറു പതിറ്റാണ്ട് പിന്നിടുന്ന അറബ് അശാന്തിക്കു പിന്നിലെ അന്താരാഷ്ട്ര ഗൂഢാലോചയുടെ ആഴമോ, അത് മേഖലക്ക് വരുത്തിയ ആഘാതത്തിന്റെ വ്യാപ്തിയോ ഒന്നും ഈ സ്വേഛാഭരണകൂടങ്ങളെ ഒട്ടും അലോസരപ്പെടുത്തുന്നില്ല.

### കടന്നുകയറ്റത്തിന്റെ വിപണി സംജ്ഞകൾ

പൊളിച്ചെടുക്കലും പുനർനിർമാണവും-ഈ നൂറ്റാണ്ടിലെ ഏറ്റവും നല്ല വ്യവസായമായി ആഗോള രാഷ്ട്രീയ കോർപറേറ്റുകൾ ഇവ രണ്ടിനെയും മാറ്റിയെടുത്തിരിക്കുകയാണ്. യു.എൻ എന്ന നോക്കുകുത്തിയെ മുന്നിൽ നിർത്തി വൻശക്തി രാഷ്ട്രങ്ങളാണ് ഈ വിപണി സാധ്യത ശരിക്കും തിരിച്ചറിഞ്ഞത്. 'യുദ്ധരഹിത' ലോകക്രമത്തിൽ അധിനിവേശങ്ങളിലൂടെ ആയുധ വിപണി സംരക്ഷിച്ചു നിർത്തുന്നതോടൊപ്പം ഇരകളുടെ മേൽ രാഷ്ട്രീയാധിപത്യം സുരക്ഷിതമായി നടപ്പാക്കാനും ഇതിലൂടെ അവസരമൊരുങ്ങി. അമേരിക്കൻ ഭരണകൂടത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഒട്ടേറെ കമ്പനികൾക്കാണ് പുനർനിർമാണത്തിന്റെ ഗുണഫലം ലഭിച്ചത്. തകർച്ച നേരിട്ട ഹാലിബർട്ടൻ ഉൾപ്പെടെ നിരവധി കമ്പനികൾ ഇതുകൊണ്ടു മാത്രം രക്ഷപ്പെട്ടു. അഫ്ഗാൻ മുതൽ ഗസ്സ വരെ നീളുന്ന അതിക്രമങ്ങളിൽ 'ലോകസമൂഹം' നിസ്സംഗരായി നോക്കിനിന്നതിന്റെ സാമ്പത്തിക വശം വ്യക്തം. പൊളിച്ചെടുക്കലിന്റെ ഘട്ടത്തിൽ ആയുധ വിപണിക്കും തുടർന്നുള്ള പുനർനിർമാണ വേളയിൽ മറ്റു കമ്പനികൾക്കും ലഭിക്കുന്ന മെച്ചം വളരെ കൂടുതൽ. അഫ്ഗാൻ, ഇറാഖ്, ലബനാൻ, ഗസ്സ- എന്നിവയുടെ പേരിൽ സഹായക രാഷ്ട്രങ്ങളുടെ സമ്മേളനം വിളിച്ചു ചേർത്ത് ധനസമാഹരണം നടത്തുന്ന കാർണിവൽ പരിപാടികളാണ് ചുറ്റും. ഇത്തരം സമ്മേളനങ്ങളിൽ ആക്രമണം നടത്തിയവന്റെ കുറ്റകരമായ റോൾ ഒരിക്കലും പരാമർശവിധേയം പോലുമാകുന്നില്ല. അരുതാത്ത ചോദ്യമൊന്നും ഉയർന്നുകേൾക്കുന്നില്ല. നിസ്സഹായ പ്രതീകങ്ങളെ മുന്നിൽ നിർത്തി പണം സമാഹരിക്കൽ യജ്ഞം മാത്രം. അറബ് ലോകത്തുനിന്നു തന്നെയാണ് ഏറ്റവും കൂടുതൽ സംഭാവന ഇതിലേക്കു പ്രവഹിക്കുന്നതും. സാധാരണക്കാരിൽനിന്നു വരെ പിരിച്ചെടുത്ത തുകകൊണ്ട് നിർമിച്ച അടിസ്ഥാന സൗകര്യങ്ങളും ഭവനങ്ങളും ജലശുദ്ധീകരണ പ്ലാന്റുകളും വരെ തകർത്തെറിയുകയും തുടർന്ന് ഇതേ മനുഷ്യരിലൂടെ തന്നെ അവയുടെ പുനർനിർമാണത്തിനായി പണം സമാഹരിക്കുകയും ചെയ്യുക! എന്തൊക്കെ അസംബന്ധ നാടകങ്ങളാണ് അന്താരാഷ്ട്ര വേദികളിൽ നാം നിത്യം കണ്ടുകൊണ്ടിരിക്കുന്നത്. പ്രഖ്യാപിച്ച സഹായധനം പോലും അനുവദിക്കാതെ ഇത്തരം പ്രദേശങ്ങളെ എന്നും കാൽക്കീഴിലിട്ട് ചവിട്ടിയരക്കാൻ പാകത്തിൽ ദാരിദ്ര്യം നിലനിർത്തുന്ന ഒളിയജണ്ട ചോദ്യം ചെയ്യപ്പെടണം. എന്നാൽ

**സാധാരണക്കാരിൽനിന്നു വരെ പിരിച്ചെടുത്ത തുകകൊണ്ട് നിർമിച്ച അടിസ്ഥാന സൗകര്യങ്ങളും ഭവനങ്ങളും ജലശുദ്ധീകരണ പ്ലാന്റുകളും വരെ തകർത്തെറിയുകയും തുടർന്ന് ഇതേ മനുഷ്യരിലൂടെ തന്നെ അവയുടെ പുനർനിർമാണത്തിനായി പണം സമാഹരിക്കുകയും ചെയ്യുക! എന്തൊക്കെ അസംബന്ധ നാടകങ്ങളാണ് അന്താരാഷ്ട്ര വേദികളിൽ നാം നിത്യം കണ്ടുകൊണ്ടിരിക്കുന്നത്.**




അൽജസീറ *ഇംഗ്ലീഷ് ചാനൽ സംപ്രേഷണം*

നിത്യദാരിദ്ര്യത്തിന്റെ അറപ്പുളവാക്കുന്ന അവസ്ഥ ഗസ്സയിലും മറ്റും നിലനിൽക്കുന്നത് പടിഞ്ഞാറൻ താൽപര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന 'സന്നദ്ധ സംഘടന'കൾക്ക് കൂടുതൽ അവസരമായി മാറുകയാണ്. എയിഡ് ഗ്രൂപ്പുകളുടെ കൊളോണിയൽ അജണ്ടക്കു പിന്നിലെ ക്രൂരമുഖം തിരിച്ചറിഞ്ഞതുകൊണ്ടാകണം ദാർഫുറിൽ ഇവക്ക് വിലക്കേർപ്പെടുത്താൻ സുഡാൻ ഭരണകൂടം ഒടുവിൽ നിർബന്ധിതമായത്.

4.5 ബില്യൻ ഡോളറിന്റെ സഹായമാണ് വിവിധ രാഷ്ട്രങ്ങൾ ഗസ്സക്കും വെസ്റ്റ് ബാങ്കിനുമായി പ്രഖ്യാപിച്ചിരിക്കുന്നത്. ജനായത്ത രീതിയിൽ അധികാരത്തിൽ വന്ന ഗസ്സ ഭരണകൂടത്തെ ഒരു നിലക്കും അംഗീകരിക്കില്ലെന്ന ധാർഷ്ട്യം നിറഞ്ഞ സമീപനം തന്നെയാണ് ഒബാമയിലും നിഴലിടുന്നത്. ജീവകാരുണ്യ ഉൽപന്നങ്ങൾ പോലും മഹ്മൂദ് അബ്ബാസിന്റെ മേൽവിലാസത്തിൽ കൂടിയല്ലാതെ ഫലസ്തീൻ പ്രദേശത്തേക്ക് പോകരുതെന്ന കാര്യത്തിൽ വേട്ടക്കാർ മുഴുവൻ ഒരുമിക്കുന്നു. ദക്ഷിണ ഇസ്രയേൽ മരുഭൂമിയിൽ വല്ലപ്പോഴും വന്നുപതിക്കുന്ന ഹമാസ് നിർമിത റോക്കറ്റുകളെ എടുത്തുകാട്ടി ഇസ്രയേൽ ആക്രമണത്തെ ഒട്ടും നീതിബോധമില്ലാതെ തുലനം ചെയ്യുന്ന സമീപനം അമേരിക്ക മുതൽ അറബ്‌ലോകം വരെ ഏറ്റുവാങ്ങുകയാണ്. അധിനിവിഷ്ട പ്രദേശങ്ങളിലെ മനുഷ്യർക്ക് പ്രതിരോധിക്കാനുള്ള ന്യായമായ അവകാശമുണ്ടെന്ന് യു.എൻ പോലും അംഗീകരിക്കുമ്പോഴാണ് ഈ വിരോധാഭാസമെന്നോർക്കണം.

## ഹമാസ് ഇനി ഏതു വഴിയിൽ?

1987ൽ രൂപംകൊണ്ട ഹമാസ് രണ്ടു പതിറ്റാണ്ടു പിന്നിടുമ്പോൾ ഇരകളുടെയും അറബ് പൊതുസമൂഹത്തിന്റെയും മനസ്സിലേക്ക് കൂടുതൽ വേരോട്ടം പടർത്തുന്നത് നാം കാണുന്നു. സമാധാന വായ്ത്താരികൾക്കപ്പുറം ശത്രുവിനെതിരെ പ്രതിരോധത്തിന്റെ വീരചരിതം കുറിച്ചു എന്നതാണ് ഈ സ്വാധീനത്തിന്റെ നിദാനം. ഹമാസിന്റെ പതിനയ്യായിരത്തോളം വരുന്ന പോരാളികളാണ് ശത്രുവിന്റെ നേരും നെറിയുംകെട്ട ക്രൂരതയെ പരിമിതമായ വിഭവങ്ങൾ കൊണ്ട് നേരിട്ടത്. ജൂത ആക്രമണം ആത്മാഭിമാനവും ഇഛാശക്തിയും പോരാട്ട വീര്യവുമുള്ള ഹമാസിനെ ഫലസ്തീൻ ജനത ഹൃദയത്തോട് കൂടുതൽ ചേർത്തു നിർത്തുന്നുവെന്നാണ് അന്താരാഷ്ട്ര ഏജൻസികൾ നടത്തിയ സർവേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. തങ്ങളുടെ ദുർഗതിക്കു കാരണം ഹമാസാണെന്ന് ഗസ്സ നിവാസികൾക്ക് ബോധ്യപ്പെടുമ്പോൾ അവർ സ്വാഭാവികമായും ഫത്ഹിനെ വരിക്കുമെന്നായിരുന്നു മഹ്മൂദ് അബ്ബാസ് മുതൽ ഒബാമ വരെ പ്രതീക്ഷിച്ചത്. എന്നാൽ ഫലസ്തീൻ മനസ്സിൽനിന്ന് ഒറ്റുകാർ കൂടുതൽ അകറ്റപ്പെടുകയായിരുന്നു. ഈ പരിമിതി തിരിച്ചറിഞ്ഞതോടെയാണ് ഹമാസുമായി ചർച്ചയുടെ വഴി രൂപപ്പെടുത്താൻ മഹ്മൂദ് അബ്ബാസ് തയാറായതും. നേരത്തെ മക്കയിൽ രൂപപ്പെടുത്തിയ കരാറിന്റെ വെളിച്ചത്തിൽ രൂപംകൊണ്ട അനുരഞ്ജന സർക്കാറിനെ അട്ടിമറിച്ച അനുഭവം മുന്നിലുണ്ടായിട്ടും ഫലസ്തീൻ സമൂഹത്തിന്റെ വിശാല താൽപര്യങ്ങൾ മുൻനിർത്തിയാണ് ചർച്ചയോട് പുറംതിരിഞ്ഞുനിൽക്കേണ്ടതില്ലെന്ന് തീരുമാനിച്ചതെന്ന് ഹമാസ് നേതൃത്വം വ്യക്തമാക്കുന്നു. ഗസ്സ വേട്ടയുടെ സമയത്ത് ഇസ്രയേലിന് രഹസ്യ വിവരങ്ങൾ കൈമാറി ഹമാസ് പോരാളികളെ കൊന്നൊടുക്കാൻ ഫതഹ് നേതൃത്വം ശ്രമിച്ചതിന്റെ ഞെട്ടിക്കുന്ന തെളിവുകൾ പുറത്തു വന്നിട്ടും അവരുമായി ചർച്ചയുടെ വാതിലുകൾ കൊട്ടിയടക്കാൻ ഹമാസ് തയാറായില്ല. ഒരു സംഘടനയുടെ പ്രായോഗിക പക്വതയാണ് ഇതു തെളിയിക്കുന്നത്.

ഈജിപ്ത് തന്നെയാണ് ചർച്ചക്ക് മുൻകൈയെടുക്കുന്നത്. കയ്റോ ചർച്ച അനുരഞ്ജന സർക്കാർ എന്ന ആശയത്തിന് വീണ്ടും ശക്തി പകർന്നേക്കും. എന്നാൽ ഇസ്രയേലും അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളും ഐക്യനീക്കം അട്ടിമറിക്കാൻ ഏതറ്റം വരെയും പോകും. ഹമാസിന് നിയാമകത്വം നൽകേണ്ടതില്ലെന്ന ബുഷിന്റെ അതേ വഴിയിൽ തന്നെയാണ് ഒബാമയും. അമേരിക്കയുടെ 'പൂർണ പങ്കാളിത്തം' മഹ്മൂദ് അബ്ബാസുമായി മാത്രമായിരിക്കുമെന്നാണ് ഒബാമ ആവർത്തിച്ചു പറയുന്നത്. ഫലസ്തീൻ സമൂഹത്തിന്റെ പൊതു പ്രാതിനിധ്യമില്ലാത്ത, വെസ്റ്റ് ബാങ്ക് ചുറ്റുവട്ടത്ത് പോലും പറയത്തക്ക സ്വാധീനം ഇല്ലാത്ത ഒരു നിഴൽ സർക്കാറിന്റെ പ്രതീകം എങ്ങനെ തങ്ങളുടെ നിയമാനുസൃത ഫലസ്തീൻ പങ്കാളിയായി മാറുമെന്ന് ഒബാമയോ പടിഞ്ഞാറൻ സമൂഹമോ അറബ് ലോകമോ വ്യക്തമാക്കുന്നില്ല.

ശൈഖ് അഹ്മദ് യാസീനും അബ്ദുൽ അസീസ് റൻതീസിയും ഉൾപ്പെടെ ഒട്ടേറെ നേതാക്കളുടെ, അസംഖ്യം പോരാളികളുടെ ബലിയാണ് ഹമാസിന്റെ ജനപിന്തുണയുടെ യഥാർഥ കാതൽ. അടിസ്ഥാന ലക്ഷ്യങ്ങളിൽനിന്നും ഹമാസ് വഴിമാറിയാൽ അവരുമായി ചർച്ചയാകാമെന്നാണ് മറുപക്ഷം ഉന്നയി



*ഒബാമയും ഉർദുഗാനും*

**ഫലസ്തീൻ സമൂഹത്തിന്റെ പൊതു പ്രാതിനിധ്യമില്ലാത്ത, വെസ്റ്റ് ബാങ്ക് ചുറ്റുവട്ടത്ത് പോലും പറയത്തക്ക സ്വാധീനം ഇല്ലാത്ത ഒരു നിഴൽ സർക്കാറിന്റെ പ്രതീകം എങ്ങനെ തങ്ങളുടെ നിയമാനുസൃത ഫലസ്തീൻ പങ്കാളിയായി മാറുമെന്ന് ഒബാമയോ പടിഞ്ഞാറൻ സമൂഹമോ അറബ് ലോകമോ വ്യക്തമാക്കുന്നില്ല.**

ക്കുന്ന ആവശ്യം. ഇസ്രയേലിനെ പൂർണമായും അംഗീകരിക്കുക, ആ രാഷ്ട്രവുമായി രൂപപ്പെടുത്തിയ മുൻകാല കരാറുകൾ അംഗീകരിക്കുക-ഇതാണ് തിട്ടൂരം. അതായത് ഹമാസ് ഹമാസ് അല്ലാതായി മാറണമെന്ന്. എന്നാൽ ഇസ്രയേലിനെ അംഗീകരിക്കുന്ന ഒരു സർക്കാറിലും പങ്കാളിത്തം വഹിക്കാൻ തങ്ങളുണ്ടാവില്ലെന്ന് ഹമാസ് തീർത്തു പറഞ്ഞുകഴിഞ്ഞു. പി.എൽ.ഒ-ഇസ്രയേൽ കരാറുകളെയും ഹമാസ് നിരാകരിക്കുന്നു. അതേ സമയം ഫതഹ് ഉൾപ്പെടെ ഫലസ്തീൻ വിഭാഗങ്ങളുമായി എല്ലാ ശത്രുതയും മാറ്റിവെച്ച് സഹകരിക്കാൻ വിരോധമില്ലെന്നും സംഘടന വ്യക്തമാക്കുന്നു.

ചുരുക്കത്തിൽ റോഡ് മാപ്പും സമാധാന സംഭാഷണങ്ങളും വെറും പ്രഹസനമാണെന്ന് വീണ്ടും തെളിയുകയാണ്. ഇരകളെ കൂടുതൽ അപമാനിക്കാനുള്ള ആസൂത്രിത നീക്കമായി ആഗോള ഒത്തുചേരലുകളും മാറിയിരിക്കുന്നു. ബുഷ് മുൻകൈയെടുത്ത് 2007 ഡിസംബർ രണ്ടിന് അമേരിക്കയിലെ അന്നാപൊളിസിൽ വിളിച്ചു ചേർത്ത സമ്മേളനം ഓർമയില്ലേ. ഇസ്രയേൽ മുൻ പ്രധാനമന്ത്രി യെഹൂദ് ഒൽമർട്ടും ഫതഹ് നേതാവ് മഹ്മൂദ് അബ്ബാസും സംബന്ധിച്ച ആ സമ്മേളനം ഇസ്രയേൽ, ഫലസ്തീൻ എന്നീ രണ്ട് രാഷ്ട്രങ്ങളാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ പുതിയ ഇസ്രയേൽ വിദേശകാര്യ മന്ത്രി പറയുന്നു അന്നാപൊളിസ് ഇനി അടഞ്ഞ അധ്യായമാണെന്ന്. ഫലസ്തീൻ സമൂഹത്തിന് എന്തെങ്കിലും ആനുകൂല്യം അനുവദിച്ചാൽ യുദ്ധസമാനമായ സാഹചര്യം ഉണ്ടാവുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു.

ഇസ്രയേൽ താൽപര്യങ്ങൾക്ക് മുൻതൂക്കമുള്ള കരാറുകൾ ഫലസ്തീൻ അംഗീകരിക്കണമെന്നു പറയുമ്പോൾ പൊരുതുന്ന മനുഷ്യരുടെ അവകാശസംരക്ഷണം അജണ്ടയിൽ ഉൾപ്പെടുന്നതു പോലും വെറുപ്പോടെ കാണുകയാണ് ജൂതരാഷ്ട്രം. ഈ വികാരം അതേ ആവേഗത്തിൽ ഒബാമയും യൂറോപ്യൻ യൂനിയനും കടംകൊള്ളുമ്പോൾ ചിത്രം പൂർണമാകുന്നു. ഗസ്സയിൽ തുടരുന്ന ഉപരോധം അവസാനിപ്പിക്കാനോ, ചെക്ക്പോയിന്റുകൾ കുറക്കാനോ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിക്കാനോ ഇവരൊന്നും തയാറാകുന്നില്ല. പശ്ചിമേഷ്യൻ ദൂതൻ ടോണി ബ്ലെയറോ ഒബാമയുടെ ദൂതൻ ജോർജ് മിഷേലോ ഈ മാനുഷിക വശം പരാമർശിക്കുന്നു പോലുമില്ല. സമാധാന സംഭാഷണം പുനരാരംഭിക്കണമെന്ന് പോലും ഇസ്രയേലിനോട് നേർക്കു നേരെ പറയാൻ ഇവർക്ക് കഴിയുന്നില്ല. വെസ്റ്റ് ബാങ്കിൽ നിയമവിരുദ്ധ കുടിയേറ്റമാകട്ടെ ശക്തമായി തുടരുകയുമാണ്. ഒരു ഘട്ടത്തിലും ഫലസ്തീൻ സമൂഹത്തിന് സ്വന്തമായി ഒരു രാഷ്ട്രം എന്നത് പ്രായോഗികമാകരുതെന്ന കണിശ ബുദ്ധി കൂടിയുണ്ട് ഈ നീക്കത്തിനു പിന്നിൽ.

### ഒബാമ ആർക്കൊപ്പം?

അറബ്-മുസ്‌ലിം സമൂഹവുമായി കൂടുതൽ ക്രിയാത്മക സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെയാണ് ഒബാമ അധികാരമേറുന്നത്. ബുഷിന്റെ എട്ടാണ്ടുകൾ ഈ ജനവിഭാഗങ്ങളുടെ മനസ്സിൽ അമേരിക്കയെ കൂടുതൽ വെറുക്കപ്പെട്ട രാഷ്ട്രമാക്കി മാറ്റുകയായിരുന്നു. അതിന്റെ കാരണങ്ങൾ പഠിക്കാനും പുതിയ തിരുത്തൽ നടപടികൾ സ്വീകരിക്കാനും ഒബാമ തയാറാകുമെന്നു പലരും കരുതി. അറബ് ലോകം ന്യായമായും അങ്ങനെ സ്വപ്നംകണ്ടു. എന്നാൽ ഗസ്സയിലെ ബോംബ് വർഷത്തിന്റെ ദാരുണദൃശ്യങ്ങൾ ലോകത്തെ വേദനിപ്പിച്ച ഘട്ടത്തിൽ പ്രസിഡന്റ് പദമേറിയ ഒബാമയിൽനിന്ന് വാക്കുകൾക്കപ്പുറം ആർജവമുള്ള നടപടികൾ കാര്യമായൊന്നും ഉണ്ടായില്ല. ലോകത്ത് അമേരിക്കയുടെ നഷ്ട പ്രതിഛായ വീണ്ടെടുക്കുമെന്ന പ്രഖ്യാപനത്തിന് ചാരുത നൽകാൻ ആത്മാംശം കലർന്ന തുടർ നടപടികളും കണ്ടില്ല. *അൽ അറബിയ* ചാനലിനു നൽകിയ അഭിമുഖത്തിലും തുർക്കി പാർലമെന്റിൽ നടത്തിയ പ്രസംഗത്തിലും അറബ്-മുസ്‌ലിം ലോകത്തോടുള്ള ഹൃദയവികാരം ചേർത്തുവെക്കാൻ ഒബാമ ശ്രമിച്ചുവെന്നത് നേര്. എന്നാൽ നൂറ് കോടിയോളം വരുന്ന ലോക മുസ്‌ലിം സമൂഹം എന്തുകൊണ്ട് യാങ്കിയെ ഇത്രമേൽ വെറുക്കുന്നുവെന്ന ചോദ്യത്തിന്റെ ഉത്തരം തേടുന്നതിൽ ഒബാമ പരാജയപ്പെടുകയാണ്. ഇറാനുമായി സംഭാഷണ വഴി കണ്ടെത്താനുള്ള ദുർബല നീക്കമോ ഇറാഖിൽനിന്ന് സൈന്യത്തെ പിൻവലിക്കാനുള്ള തീരുമാനമോ കൊണ്ടായില്ല. ബുഷിൻെറയും കോണ്ടലീസയുടെയും യുഗം അവസാനിച്ചില്ലെന്നാണ് വൈറ്റ് ഹൗസ് പുതുമുഖങ്ങളുടെ മുരൾച്ച ഓർമിപ്പിക്കുന്നത്. ആണവ പദ്ധതി ഉപേക്ഷിക്കാതെ, ഹമാസിനെയും ഹിസ്ബുല്ലയെയും തള്ളിപ്പറയാതെ, ഇറാഖിൽ ഇടപെടുന്നത് നിർത്താതെ ഇറാനുമായി നല്ല ബന്ധം സാധ്യമല്ല-യു.എസ് സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൻ ചുരമാന്തുന്നു.

മുസ്‌ലിം ലോകത്തോട് അടുക്കാൻ ഏറ്റവും ചുരുങ്ങിയത് ഇസ്രയേലിനുള്ള ആയുധ വിൽപനയെങ്കിലും നിർത്തിവെക്കാനുള്ള മാന്യത അമേരിക്ക പുലർത്തേണ്ടിയിരുന്നു. ഒബാമ അധികാരത്തിൽ വന്ന ശേഷം ഇസ്രയേലിന് അമേരിക്ക കൈമാറിയ അത്യന്താധുനിക ആയുധങ്ങളുടെ ശേഖരവും വ്യാപ്തിയും ഞെട്ടിക്കുന്നതാണ്. ഇസ്രയേൽ സ്വയം തന്നെ ആയുധനിർമാണത്തിൽ മുന്നിലാണ്. ഇതിനു പുറമെയാണ് അമേരിക്ക ന

**ഇറാനുമായി സംഭാഷണ വഴി കണ്ടെത്താനുള്ള ദുർബല നീക്കമോ ഇറാഖിൽനിന്ന് സൈന്യത്തെ പിൻവലിക്കാനുള്ള തീരുമാനമോ കൊണ്ടായില്ല. ബുഷിൻെറയും കോണ്ടലീസയുടെയും യുഗം അവസാനിച്ചില്ലെന്നാണ് വൈറ്റ് ഹൗസ് പുതുമുഖങ്ങളുടെ മുരൾച്ച ഓർമിപ്പിക്കുന്നത്.**



*ചാവേസും നിജാദും*

ൽകിവരുന്ന ഉദാര പിന്തുണ.

അമേരിക്കയും യൂറോപ്യൻ യൂനിയനും മാത്രമല്ല ഇന്ത്യയും ഇസ്രയേലിനെ ആയുധമണിയിക്കുന്നതിൽ മുൻനിരയിലേക്ക് വന്നിരിക്കുകയാണ്. 'ദോഹ ഡിബേറ്റ്' എന്ന പേരിൽ *ബി.ബി.സി* സംപ്രേഷണം ചെയ്യുന്ന ശ്രദ്ധേയമായ സംവാദ പരിപാടി ഇത്തവണ അമേരിക്കയിലായിരുന്നു നടന്നത്. ഇസ്രയേലിന് അമേരിക്ക നൽകുന്ന പിന്തുണയാണ് ക്രൂരതകൾ തുടരാൻ ആ രാഷ്ട്രത്തെ പ്രേരിപ്പിക്കുന്നതെന്ന് ചർച്ചയിൽ പങ്കെടുത്ത പലരും തുറന്നടിച്ചു. എന്നാൽ അമേരിക്ക മാത്രമല്ല ഇന്ത്യ ഉൾപ്പെടെ മറ്റു ചില രാജ്യങ്ങളും തങ്ങൾക്ക് പൂർണ പിന്തുണ നൽകുന്നുണ്ടെന്ന് ഒരു മടിയുമില്ലാതെ ചർച്ചയിൽ പങ്കെടുത്ത ഇസ്രയേൽ പ്രതിനിധി പ്രഖ്യാപിച്ചു. ഇന്ത്യ-ഇസ്രയേൽ അച്ചുതണ്ട് എത്ര ശക്തമായ രീതിയിലാണ് പ്രവർത്തിക്കുന്നത് എന്നതിന്റെ ആപത്കരമായ സന്ദേശം കൂടിയായിരുന്നു ആ പ്രതികരണം. ഇസ്രയേൽ പങ്കാളിത്തമുള്ള ചാര ഉപഗ്രഹങ്ങളുടെ വിക്ഷേപണ കേന്ദ്രമായി ഇന്ത്യ പെട്ടെന്ന് മാറിയതും പ്രതിരോധ സഹകരണത്തിന്റെ വ്യാപ്തിയാണ് തെളിയിക്കുന്നത്. ഇന്ത്യയുടെ ഇസ്രയേൽ പക്ഷപാതിത്വ ചുവടുമാറ്റം ആപൽക്കരമാണെങ്കിലും ഈ സാഹചര്യം സൃഷ്ടിച്ചതിൽ അറബ് ലോകത്തിന്റെ 'രണ്ടുംകെട്ട' നിലപാടിന് മുഖ്യപങ്കുണ്ടെന്ന *അൽജസീറ* ചാനൽ വിലയിരുത്തലിൽ കുറെയൊക്കെ ശരികളുണ്ട്.

അറബ് ലോകത്തിന്റെ നോവുകളോട് ചേർന്നുനിൽക്കാനോ വിദേശകാര്യ നയത്തിൽ കാതലായ മാറ്റം വരുത്താനോ ഒബാമ തയാറാകുന്നില്ല. ഇറാഖ് കേന്ദ്രീകൃത സൈനിക സമീപനം അഫ്ഗാനിലേക്ക് വഴിമാറുന്നു എന്ന വ്യത്യാസം മാത്രമേ ഫലത്തിൽ കാണാനുള്ളൂ. എന്നാൽ സമാധാനപരമായ വിദേശ നയത്തിലേക്ക് അമേരിക്കയെ കൊണ്ടുവരാൻ ഒബാമക്ക് അടുത്തൊന്നും സാധിക്കുമെന്നും കരുതാൻ ന്യായമില്ല. പ്രചാരണ സമയത്ത് പ്രമുഖ ജൂത ലോബിയായ അമേരിക്ക ഇസ്രയേൽ പബ്ലിക് അഫയേഴ്സ് കമ്മിറ്റി (എ.ഐ.പി.എ.സി) യോഗത്തിൽ പങ്കെടുത്ത ഒബാമ ജൂതരാഷ്ട്രത്തിന് കലവറയില്ലാത്ത പിന്തുണ പ്രഖ്യാപിച്ചിരുന്നു. ആ വാഗ്ദത്തം അക്ഷരംപ്രതി നടപ്പാക്കാൻ ഒബാമ ശ്രമിച്ചുവരികയാണ്.

### ഇരകൾക്കു വേണ്ടി പുതിയ ശബ്ദങ്ങൾ

അറബ് ലോകം ഉയർത്തേണ്ട ശബ്ദം മറ്റു പലരും ഏറ്റെടുക്കുകയാണിപ്പോൾ. ഗസ്സ അതിക്രമത്തിന്റെ പേരിൽ ഇസ്രയേലുമായുള്ള നയതന്ത്ര ബന്ധം വിഛേദിച്ച വെനിസ്വലയുടെ ഹ്യൂഗോ ചാവേസും ജൂതരാഷ്ട്രത്തെ കടുത്ത ഭാഷയിൽ വിമർശിച്ച തുർക്കിയുടെ ഉർദുഗാനും ഇറാന്റെ നിജാദും ഫലസ്തീൻ ഹൃദയങ്ങളിലേക്ക് കൂടുതൽ ചേക്കേറുമെന്നുറപ്പ്. ലബനാൻ ഹിസ്ബുല്ല നേതാവ് ഹസൻ നസ്റുല്ല എന്തു പറയുന്നു എന്നാണ് അറബ് ലോകം ആവേശപൂർവം കാതോർക്കുന്നത്. ദാവോസ് ഉച്ചകോടിയിൽ ഇസ്രയേൽ പ്രസിഡന്റ് ഷിമോൺ പെരസിനു നേർക്കുയർന്ന ഉർദുഗാന്റെ ഗർജനം തുർക്കിയിൽ മാത്രമല്ല ലോകമൊന്നടങ്കം അദ്ദേഹത്തിന്റെ സ്വീകാര്യത ഉയർത്തി. കയ്റോയും റിയാദും കടന്ന് മുസ്‌ലിം ലോകത്തിന്റെ ജീവൽശബ്ദങ്ങൾ അങ്കാറയും തെഹ്റാനും ഏറ്റെടുക്കുന്നതിന്റെ സൂചനയാണിത്.

ഈ വഴിമാറ്റത്തിന്റെ ഭാവി പ്രത്യാഘാതം എന്തെന്ന് ഒരുപക്ഷേ, ഔചിത്യപൂർവം തിരിച്ചറിയുന്ന ഏക അറബ് രാഷ്ട്രം ഖത്തറായിരിക്കും. എല്ലാ സ്വരങ്ങൾക്കും ഇടംനൽകുന്ന തന്ത്രപരമായ സമീപനം ഖത്തറിന്റെ രാഷ്ട്രീയ കരുത്തായി മാറുന്നത് അങ്ങനെയാണ്. ഗസ്സ ആക്രമണത്തിന്റെ ഘട്ടത്തിൽ ഇസ്രയേൽ ബന്ധം വലിച്ചെറിയാൻ അറബ് രാജ്യങ്ങളോട് ആവശ്യപ്പെട്ട രാജ്യവും ഖത്തർ തന്നെ. മാർച്ച് 30,31 തീയതികളിൽ ദോഹയിൽ നടന്ന അറബ് ലീഗ് ഉച്ചകോടി ഖത്തറിന്റെ പ്രാധാന്യം വീണ്ടും ഉയർത്തി. അംഗരാജ്യങ്ങൾക്കിടയിൽ അനുരഞ്ജനം രൂപപ്പെടുത്തുകയായിരുന്നു ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം. സുഊദി-ലിബിയ ഭരണാധികാരികൾക്കിടയിൽ അസ്വാരസ്യം മറനീക്കി പുറത്തുവന്നെങ്കിലും സൗഹൃദാന്തരീക്ഷത്തിലേക്ക് കാര്യങ്ങൾ കൊണ്ടുവരാൻ ഖത്തർ ഭരണാധികാരിയുടെ നയപരമായ മിടുക്ക് സഹായകമായി.

ഈജിപ്ത് പ്രസിഡന്റ് ഹുസ്നി മുബാറക് ഉച്ചകോടിയിൽനിന്ന് വിട്ടുനിന്നു. ഹമാസിനോടു മാത്രമല്ല മുബാറകിന്റെ അരിശം. ഈജിപ്തിൽ ഇസ്‌ലാമിക് ബ്രദർഹുഡിന് മേൽക്കൈ കിട്ടുന്നതാണ് ഹുസ്നി മുബാറക് പേടിക്കുന്നത്. ഇസ്രയേൽ നടത്തിയ ഗസ്സ ആക്രമണത്തിന്റെ പേരിൽ പോലും ഹമാസിനെ പഴിചാരാൻ മത്സരിക്കുകയായിരുന്നു അദ്ദേഹം. ഇറാൻ പ്രസിഡന്റ് നിജാദ് അറബ് ലോകത്ത് സ്വാധീനം സൃഷ്ടിക്കുന്നതും പലരെയും ഭയപ്പെടുത്തുക സ്വാഭാവികം. അങ്ങനെ മറ്റു പലർക്കും വേണ്ടി ദോഹ ഉച്ചകോടിയിൽനിന്ന് ഹമാസും ഇറാനും അകറ്റിനിർത്തപ്പെട്ടു. 2007ലെ ജി.സി.സി ഉച്ചകോടിയിൽ നിജാദിന് ആതിഥ്യം നൽകിയത് പുതിയ പ്രതീക്ഷക്ക് വകനൽകിയിരുന്നു. അറബ് വേദികളിൽ ഇന്ത്യക്കുപോലും കൂടിയ പരിഗണന നൽകുമ്പോഴാണ് ഹമാസിനോടും ഇറാനോടുമുള്ള ഈ വർണവിവേചന നയം. ഫലസ്തീൻ പ്രശ്നത്തിൽ മൂർത്തമായ അഭിപ്രായപ്രകടനമൊന്നും ദോഹ ഉച്ചകോടിയിൽ ഉണ്ടായില്ല. മഹ്മൂദ് അബ്ബാസിന്റെ ഫതഹ് മാത്രമായിരിക്കും ഫലസ്തീൻ ജനതയിലേക്കുള്ള തങ്ങളുടെ ഏക വാതിലെന്ന വൻശക്തി രാഷ്ട്രങ്ങളുടെ അതേ വിളംബരമാണ് ദോഹയും കടംകൊണ്ടത്. ഹമാസ്-ഇറാൻ പേടി ദോഹ പ്രഖ്യാപനത്തിലുടനീളം നിഴലിടുന്നതും കണ്ടു.

പക്ഷേ, ഒന്നുണ്ട്. സുഡാൻ പ്രസി

ഡന്റ് ഉമറുൽ ബശീറിനെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി വിധിയെ പരസ്യമായി വെല്ലുവിളിക്കാനുള്ള ചങ്കൂറ്റം ദോഹയിൽ അറബ് കൂട്ടായ്മ കാണിച്ചു. യാങ്കിയുടെ നിർദേശാനുസരണം പുറപ്പെടുവിച്ച വാറണ്ട് തള്ളി ദോഹയിലെത്തിയ ബശീറിന് രാജകീയ വരവേൽപായിരുന്നു ലഭിച്ചത്. വൻശക്തി രാഷ്ട്രങ്ങളുടെ നീതിരഹിത നടപടികൾക്കു മുന്നിൽ ചൂളിനിൽക്കാൻ വിധിക്കപ്പെട്ട അറബ് നേതൃത്വം അടുത്തിടെ സ്വീകരിച്ച എല്ലുറപ്പുള്ള ഒരു രാഷ്ട്രീയ നീക്കമായിരുന്നു സുഡാൻ പ്രസിഡന്റിന് നൽകിയ ഈ ഐക്യദാർഢ്യം. 'സുഡാന്റെ പരമാധികാരത്തെ ലംഘിക്കാനുള്ള ഗുരുതര നീക്ക'മായി അന്താരാഷ്ട്ര കോടതി വിധിയെ ദോഹ പ്രഖ്യാപനം കുറ്റപ്പെടുത്തുകയും ചെയ്തു. ഒപ്പം വെനിസ്വലൻ പ്രസിഡന്റ് ഹ്യൂഗോ ചാവേസിന്റെ ദോഹ സന്ദർശനവും അറബ്-ലാറ്റിൻ സൗഹൃദ ചർച്ചകളും പുതിയ പ്രതീക്ഷകൾ പടർത്തുന്നുണ്ട്.

ദോഹ ഉച്ചകോടിക്കു ശേഷം ഫലസ്ത്വീൻ സമൂഹത്തിന്റെ ഹൃദയത്തിലേക്ക് ആത്മാർഥ ഭാഷണത്തിന്റെ ചാലു കീറാനും നിജാദ് തന്നെ വേണ്ടിവന്നു. ഏപ്രിൽ 21ന് ജനീവയിൽ വംശീയതയെ കുറിച്ച യു.എൻ ഉച്ചകോടിയിൽ സംബന്ധിച്ച നിജാദ് കാര്യങ്ങൾ കുറേക്കൂടി തുറന്നു പറഞ്ഞു. ഇസ്രയേലിനെ മാത്രമല്ല വർണവെറിയുടെ ക്രൂരപ്രതീകമായ ജൂതരാജ്യത്തെ വഴിവിട്ടു തുണക്കുന്ന യു.എന്നിനെയും വൻശക്തി രാഷ്ട്രങ്ങളെയും കടന്നാക്രമിക്കാനും അദ്ദേഹം മടിച്ചില്ല. സംഗതി കൊള്ളേണ്ടിടത്ത് കൊണ്ടു. അമേരിക്കക്കൊപ്പം പല യൂറോപ്യൻ രാജ്യങ്ങളും ഇസ്രയേൽ പ്രതിബദ്ധത പ്രകടിപ്പിക്കാൻ ഉച്ചകോടിയിൽനിന്ന് ഇറങ്ങിപ്പോയി. പക്ഷേ, ലോകത്തെ പൊരുതുന്ന മനുഷ്യരിലേക്കും അറബ് ഹൃദയങ്ങളിലേക്കും ഇറാൻ കൂടുതൽ ഇറങ്ങി വരികയായിരുന്നു അതോടെ.

യൂറോപ്യൻ മേഖലയിൽ ഇസ്ലാമിക മുദ്രകൾ അടിത്തറയായ തുർക്കി ഭരണകൂടവും അറബ്-മുസ്‌ലിം മനസ്സുകളിൽ പ്രതീക്ഷ പടർത്തുന്ന പുതിയ ഘടകമായി മാറിയിരിക്കുന്നു. ദാവോസിൽ ഇസ്രയേൽ നേതാവിനെതിരെ ആഞ്ഞടിച്ച ത്വയ്യിബ് ഉർദുഗാൻ ഫലസ്ത്വീൻ ഇരകളോടുള്ള ഐക്യദാർഢ്യം ആർജവത്തോടെ പ്രഖ്യാപിച്ചു. യൂറോപ്യൻ യൂനിയനിൽ അംഗത്വം ലഭിക്കാൻ അറബ് ഇരകളെ തള്ളിപ്പറയുകയെന്ന സമീപനമല്ല ഉർദുഗാൻ ഭരണകൂടം സ്വീകരിച്ചത്. ഈ തലത്തിലേക്ക് ഇനിയെന്നാവും അറബ് രാജ്യങ്ങൾ തങ്ങളെ പ്രതിഷ്ഠിക്കുക?

അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ യൂറോപ്യൻ പര്യടനത്തിന്റെ അവസാനം കുറിച്ചതും തുർക്കിയിലാണെന്നത് ശ്രദ്ധേയം. രാഷ്ട്രീയ സമ്മർദങ്ങൾക്കിടയിലും ഒബാമ സത്യസന്ധത കൈവിടുന്നില്ലെന്ന് തുർക്കി സന്ദർശനം തെളിയിച്ചു. 'നാം നമ്മോട് സത്യസന്ധരായിരിക്കണം. അടുത്ത കാലത്തായി രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധം അത്ര സുഖത്തിലൊന്നും അല്ല' എന്ന കാര്യം ഒബാമ തുറന്നു പറഞ്ഞു. ഏതു തരം വംശീയ ഉന്മൂലനത്തെയും തുറന്നെതിർക്കുന്ന അമേരിക്കൻ പ്രസിഡന്റായിരിക്കും താനെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇതുകേട്ട് ഗസ്സ നിവാസികൾ ചിരിച്ചു കാണണം.

ഇറാഖ് പിന്മാറ്റം പ്രഖ്യാപിച്ചെങ്കിലും അഫ്ഗാൻ-പാകിസ്താൻ സൈനിക കേന്ദ്രീകരണത്തിന്റെ പ്രത്യാഘാതങ്ങൾ ഒബാമയെ തെല്ലും അലോസരപ്പെടുത്തുന്നില്ല. തന്റെ പുതിയ അഫ്ഗാൻ-പാക് ആക്രമണോത്സുക നയത്തിന് പിന്തുണ തേടിയായിരുന്നു ഒബാമയുടെ യൂറോപ്പ് സന്ദർശനം പോലും. പാകിസ്താനെ കൂടുതൽ ദുർബലപ്പെടുത്തുകയാണ് ഈ നയത്തിന്റെ ദീർഘകാല ലക്ഷ്യം. ഇസ്രയേലിനു മാത്രമല്ല ഇന്ത്യക്കും ഇതിൽ താൽപര്യമുണ്ടാവുക സ്വാഭാവികം. പക്ഷേ, ഈ സംഘയാത്ര പുതിയ യുദ്ധമുഖങ്ങളാവും ഏഷ്യൻ മേഖലയിൽ തുറക്കുന്നത്. അങ്ങനെ വന്നാൽ ചരിത്രത്തിൽ പാഠമൊന്നും പഠിക്കാൻ കൂട്ടാക്കാത്ത യു.എസ് പ്രസിഡന്റുമാരുടെ അതേ നിരയിലേക്കാവും ഒബാമയും വൈകാതെ തെന്നിവീഴുന്നത്. ■

nazermca@gmail.com